കോർപറേറ്റ്കാര്യ മന്ത്രാലയം
കേന്ദ്ര സർക്കാർ

# മൂലധനവിപണിയിലേക്കുള്ള നിക്ഷേപക വഴികാട്ടി


എഡിറ്റർ
**പൃഥ്വി ഹാൽഡിയ**
പ്രൈം ഡാറ്റാബേസ്



തയ്യാറാക്കിയത്
നിക്ഷേപക സാക്ഷരതാ സംരക്ഷണ നിധി
2010 ജൂൺ

# ആമുഖം

സുഭദ്രവും സുദൃഢവുമായ മൂലധനാധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാനശിലയാണ് സാമ്പത്തിക സാക്ഷരത. ഇന്ത്യൻ സമ്പത്‌വ്യവസ്ഥ അടുത്ത ഏതാനും ദശകങ്ങളിൽ ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുമ്പോൾ വിപുലമായ മൂലധനനിക്ഷേപവും വായ്പാ നിക്ഷേപവും വർധിക്കുകയും അതോടൊപ്പം ആഗോളവും പ്രാദേശികവുമായ ഭീഷണികളെ ഫലപ്രദമായി ചെറുക്കേണ്ടതായുംവരും. ബോണ്ടുകളിലും ഓഹരികളിലുമുള്ള നിക്ഷേപ സാധ്യതകൾ തുറന്നു കാട്ടുക വഴി അധിക വരുമാനസാധ്യതകളില്ലാത്ത ബാങ്ക് നിക്ഷേപങ്ങളിൽ പണം നിക്ഷേപിച്ചവർക്ക് കൂടുതൽ വരുമാനസാധ്യതയുള്ള മേഖലകളിലേക്ക് ആകർഷിക്കുന്നതിന് ധനവിപണികൾക്ക് കഴിയും. ധനവിപണി ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുന്ന ഈ സാഹചര്യത്തിൽ വിപണിയിൽ പങ്കാളിത്തമുള്ള എല്ലാ സ്ഥാപനങ്ങളുടേയും  ഏറ്റവും വലിയ വെല്ലുവിളി വിവിധ നിക്ഷേപ അവസരങ്ങൾ, സേവനങ്ങൾ, സംരംഭങ്ങൾ, പുരോഗതികൾ, പ്രവണതകൾ എന്നിവയെക്കുറിച്ചു പുതിയ അവബോധവും അറിവും നിക്ഷേപകന് പകരുകയെന്നതാണ്.

എന്നാൽ സാമ്പത്തിക സാക്ഷരത ഉറപ്പാക്കുന്നതിനുള്ള നടപടികൾ എത്രനേരത്തെ ആരംഭിക്കുന്നുവോ അത്രയും കൂടുതൽ വിപണിയിൽ അതിന്റെ ഗുണഫലങ്ങൾ ഉണ്ടാകും. ആരോഗ്യ സംരക്ഷണ വിദ്യാഭ്യാസ പരിപാടി സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കിയതു പോലെ തന്നെ സാമ്പത്തിക സാക്ഷരതാ പരിപാടിയും പാഠ്യക്രമത്തിന്റെ ഭാഗമാക്കേണ്ടതാണ്.  ഭാവി തലമുറയെ സമ്പാദ്യശീലം വളർത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരിക്കുന്നതും വിവിധ സമ്പാദ്യ പദ്ധതികളെക്കുറിച്ച് അറിവ് പകരുന്നതും നാളത്തെ ഉയർന്ന സാമ്പത്തിക സാക്ഷരതാബോധവും വൈദഗ്ധ്യവുമുള്ള നിക്ഷേപ സമൂഹത്തിന് അടിത്തറ പാകുന്നതിന് സഹായിക്കും.  കൂടാതെ ധനവിപണിയുടെ നിയന്ത്രണം ഏറ്റെടുക്കാൻ സജ്ജരായ കരുത്തുറ്റ ഭാവി തലമുറയെ രൂപപ്പെടുത്താൻ ഈ നടപടികൾ വഴിയൊരുക്കും.

ഉൾച്ചേർന്ന വികസനം ഉറപ്പാക്കാൻ സാമ്പത്തിക സാക്ഷരത കൂടിയേ തീരൂവെന്ന് രാജ്യത്തെ ഏറ്റവും പുതിയ എക്സ്ചേയ്ഞ്ചായ എം.സി.എക്സ് സ്റ്റോക്ക് എക്സ്ചേയ്ഞ്ച് വിശ്വസിക്കുന്നു.  തുടക്കം മുതലേ എം.സി.എക്സ് നമ്മുടെ

വിപണികളുടെ സുസ്ഥിരമായ വളർച്ചയ്ക്ക് സഹായിക്കുന്നതിന് വിവര ശേഖരണം, വിദ്യാഭ്യാസം, ഗവേഷണം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഗ്രാമങ്ങളിലും പട്ടണങ്ങളിലും സാമ്പത്തിക സാക്ഷരത വളർത്തുന്നതിന്റെ ഭാഗമായി ദൂരദർശനിലൂടെ പ്രത്യേക ടെലിവിഷൻ പരിപാടികളും ആവിഷ്കരിച്ചിരുന്നു.

കൂടാതെ ധനവിപണിയുടെ വിവിധ വശങ്ങളെക്കുറിച്ച് ബഹുമുഖ തലങ്ങളിലും പങ്കാളികളിലും അറിവ് പകരുന്നതിനും സാങ്കേതിക പരിജ്ഞാനം ഉറപ്പുവരുത്തുന്നതിനുമായി അക്കാദമിക്-ഗവേഷണ വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവയ്ക്കാനും എം.സി. എക്സ് സ്റ്റേറാക്ക് എക്സ്ചേഞ്ചിന് കഴിഞ്ഞിട്ടുണ്ട്.

നിക്ഷേപകരെ ശരിയായ രീതിയിൽ നിക്ഷേപം നടത്തുന്നതിനും വിപണിയെക്കുറിച്ച് അറിവ് പകരുന്നതിനും വേണ്ടി കോർപറേറ്റ് കാര്യ മന്ത്രാലയം ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ഇന്ത്യൻ നിക്ഷേപവാരം രാജ്യത്തെ ധനവിപണിക്ക് കരുത്തുപകരാൻ സഹായിക്കും. ഈ ശ്രമത്തിന്റെ ഭാഗമായാണ് ധനവിപണിയെക്കുറിച്ച് കാലികവും പ്രയോജനപ്രദവുമായ വിവരങ്ങൾ പൂർണമായും സമഗ്രമായും പ്രതിപാദിക്കുന്ന ഈ പുസ്തകം കോർപറേറ്റ്കാര്യമന്ത്രാലയം പുറത്തിറക്കുന്നത്. വിപണിയെക്കുറിച്ച് ലളിതമായി പ്രതിപാദിക്കുന്ന ഈ പുസ്തകം സാധാരണക്കാർക്ക് എളുപ്പത്തിൽ വായിച്ച് മനസിലാക്കുന്നതിന് സഹായിക്കും. ഓഹരി വിപണിയിൽ ആരോഗ്യകരമായ ദിശാബോധം നൽകുന്ന ഈ സംരംഭത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ എം.സി. എക്സ് സ്റ്റേറാക്ക് എക്സ്ചേഞ്ചിനു ചാരിതാർത്ഥ്യമുണ്ട്. ഇതിനു എം.സി. എക്സ് സ്റ്റേറാക്ക് എക്സ്ചേഞ്ചിനെസഹായിച്ച കോർപറേറ്റ്കാര്യ മന്ത്രാലയത്തിന് നന്ദിരേഖപ്പെടുത്തുന്നു. ഈ കൈപ്പുസ്തകം രാജ്യത്തെ നിക്ഷേപസമൂഹത്തിന് പ്രയോജനപ്രദമായി കൂടുതൽ ഉൾക്കാഴ്ചയോടെയും ശരിയായ വിവരത്തിന്റെയും അടിസ്ഥാനത്തിൽ നിക്ഷേപം നടത്താനും വിപണിയിൽ ഇടപെടാനും കൂടുതൽ പേരെ വിപണിയിലേക്ക് ആകർഷിക്കുന്നതിനും അതോടൊപ്പം വിപുലമായ വിപണിപങ്കാളിത്തം ഉറപ്പാക്കുന്നതിനും സഹായിക്കും.

**അശോക് ത്ധാ**
ചെയർമാൻ
എം.സി.എക്സ് സ്റ്റേറാക്ക് എക്സ്ചേഞ്ച്

സൽമാൻ ഖുർഷിദ്
കേന്ദ്ര സഹമന്ത്രി (സ്വതന്ത്ര ചുമതല)
കോർപറേറ്റ്കാര്യ മന്ത്രാലയം
കേന്ദ്ര സർക്കാർ

“ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ ദേശീയ അജൻഡയുടെ ഭാഗമായി നിക്ഷേപക അവബോധം വളർത്തുന്നതിനായുള്ള കർമ്മപരിപാടികൾ മുഖ്യധാരയിലെത്തിക്കുന്നതിനായി കേന്ദ്ര കോർപറേറ്റ്കാര്യ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പ്രമുഖ ധനകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ രാജ്യത്തൊട്ടാകെ 3000-ത്തിലധികം നിക്ഷേപക സാക്ഷരത പരിപാടികൾ മന്ത്രാലയം ആവിഷ്കരിക്കും. കൂടാതെ 2010 ജൂലൈയിൽ “അവബോധമുള്ള നിക്ഷേപകൻ ഇന്ത്യൻ കോർപറേറ്റ് മേഖലയുടെ ആസ്തി” എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഇന്ത്യൻ നിക്ഷേപകവാരവും സംഘടിപ്പിച്ചിട്ടുണ്ട്. ഈ വേളയിലാണ് കേന്ദ്ര കോർപറേറ്റ്കാര്യ മന്ത്രാലയം രാജ്യത്തെ നിക്ഷേപകരിൽ ഓഹരിവിപണിയെക്കുറിച്ച് തികഞ്ഞ അവബോധം വളർത്തുന്നതിനും നിക്ഷേപക സാക്ഷരത കൈവരിക്കുന്നതിനും വേണ്ടി സമഗ്രവും സംക്ഷിപ്തപൂർണവുമായ ‘നിക്ഷേപക വഴികാട്ടി’ പുറത്തിറക്കുന്നത്. ഈ കൈപുസ്തകം ഏവർക്കും വിവേചനബുദ്ധിയോടെയും അനുയോജ്യമായും നിക്ഷേപം നടത്തുന്നതിനും നിക്ഷേപകന്റെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സഹായകരമാകും. അതോടൊപ്പം നിക്ഷേപ സാധ്യതകളെയും നഷ്ടസാധ്യതകളെക്കുറിച്ചും തിരിച്ചറിവ് നല്കുന്നതിനും സഹായിക്കും. ഒ ാഹരിവിപണിലേക്കുള്ളന ിക്ഷേപകരുടെവ ഴികാട്ടിയെന്നെ കെപുസ്തകം പ്രസിദ്ധീകരിക്കുന്നതു വഴി നിക്ഷേപക സാക്ഷരതയുടെ തോത് വർദ്ധിപ്പിക്കാനും അതുവഴി സാധാരണക്കാരെ രാജ്യത്തിന്റെ കോർപറേറ്റ് മേഖലയുമായി സംയോജിപ്പിക്കുന്നതിനും കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.”

ആർ. ബന്ധോപദ്ധ്യായ
സെക്രട്ടറി
കോർപറേറ്റ് കാര്യ മന്ത്രാലയം
കേന്ദ്ര സർക്കാർ

"നിക്ഷേപ സാക്ഷരതാ പദ്ധതി ജനകീയമാക്കുന്നതിന്റെ ഭാഗമായി കോർപറേറ്റ് കാര്യ മന്ത്രാലയം വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപുലമായ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിക്ഷേപകരിൽ ഓഹരി വിപണിയെക്കുറിച്ച് ശരിയായ അവബോധം വളർത്തുന്നതിനും ഇടപാടുകൾ സുതാര്യമാക്കുന്നതിനുമായി വിവിധ നിക്ഷേപ സാദ്ധ്യതകളെക്കുറിച്ചും നിക്ഷേപകന്റെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും വ്യക്തമായി വിശദീകരിക്കുന്ന മൂലധനവിപണിയിലേക്കുള്ള വഴികാട്ടി പുറത്തിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം പ്രസിദ്ധീകരണം കൂടുതൽ സാധാരണക്കാരെ കോർപറേറ്റ് നിക്ഷേപ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് സഹായിക്കും. കോർപറേറ്റ്കാര്യ മന്ത്രാലയത്തിന്റെ ഈ ഉദ്യമം ദേശീയ അജൻഡയിലെ പ്രധാനഇനമായ ഉൾച്ചേർന്ന വികസനം ഉറപ്പുവരുത്താൻ സഹായകരമാകും. ഈ വിഷയത്തിൽ അവഗാഹമുള്ള പൃഥ്വി ഹാൽഡിയ എഡിറ്റ് ചെയ്ത ഈ വഴികാട്ടി നിലവിലും ഭാവിയിലുമുള്ള അനേകം നിക്ഷേപക സംരംഭകർക്ക് പ്രയോജനപ്രദമായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

# നിക്ഷേപക സാക്ഷരതാ സംരക്ഷണ നിധി

നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നിക്ഷേപകരെ ബോധവത്കരിക്കുന്നതിനും വേണ്ടി 1956-ലെ കമ്പനി നിയമത്തിന് വിധേയമായി രൂപീകരിച്ചതാണ് നിക്ഷേപക സാക്ഷരതാ സംരക്ഷണ നിധി.

സെമിനാറുകളിലൂടെയും പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും നിക്ഷേപകരെ ബോധവത്കരിക്കുകയും ഓഹരി വിപണിയെക്കുറിച്ച് ശരിയായ അറിവ് പകരുകയും ചെയ്യുന്നതിനൊപ്പം നിക്ഷേപക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി അവരെ പ്രാപ്തരാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് നിക്ഷേപക സാക്ഷരതാ സംരക്ഷണ നിധിയുടെ കാതലായ ലക്ഷ്യം. ഇതിനായി ഐ.ഇ.പി.എഫ് മൂന്ന് വെബ്സൈറ്റുകൾ സ്പോൺസർ ചെയ്തിട്ടുണ്ട്.

## നിക്ഷേപക സാക്ഷരതാ സംരക്ഷണ നിധി വെബ് സൈറ്റുകൾ

### www.iepf.gov.in

മൂലധനവിപണിയെ സംബന്ധിച്ച് ചെറുകിട നിക്ഷേപകർക്ക് വിശദമായ വിവരങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന വെബ്സൈറ്റാണ് www.iepf.gov.in.

ഐ.പി.ഒ നിക്ഷേപങ്ങൾ, മ്യൂച്ചൽ ഫണ്ടുകൾ, ഓഹരി ഇടപാടുകൾ, ഡിപ്പോസിറ്ററി അക്കൗണ്ടുകൾ, കടപ്പത്ര വിപണി, ഡെറിവേറ്റീവ്സ്, ഓഹരി സൂചികകൾ, സൂചികാധിഷ്ഠിത ഫണ്ടുകൾ, നിക്ഷേപകരുടെ അവകാശങ്ങൾ, ഉത്തരവാദിത്തങ്ങൾ, വിപണിയുമായി ബന്ധപ്പെട്ട പരാതികളും തർക്ക പരിഹാര മാർഗങ്ങളും വിശദമായി ഈ വെബ്സൈറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

കൂടാതെ മൂലധനവിപണിയിൽ നിക്ഷേപകർ അത്യാവശ്യം ചെയ്യേണ്ടതും ഒരിക്കലും ചെയ്യാൻ പാടില്ലാത്തതുമായ നടപടികളെക്കുറിച്ചും ഈ വെബ്സൈറ്റിൽ ലളിതമായി പ്രതിപാദിക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ കൂടാതെ 12 പ്രാദേശിക ഭാഷകളിലും ഈ സൈറ്റിന്റെ സേവനം ലഭ്യമാണ്.

### www.watchoutinvestors.com

തട്ടിപ്പിനെതിരെയുള്ള ഏററവും നല്ല പ്രതിരോധം സ്വയംപ്രതിരോധമാണ്. മൂലധനനിക്ഷേപത്തിലെ തട്ടിപ്പുകൾക്കെതിരെയുള്ള മികച്ച പ്രതിരോധത്തിന് ഇന്ന് വെബ്സൈററ് നിക്ഷേപകരെ സജ്ജമാക്കുന്നു. ലോകത്തിൽ ആദ്യമായാണ് പൊതുജനസേവനം ലക്ഷ്യമാക്കി ഇത്തരത്തിലുള്ള വെബ്സൈറ്റ് രൂപകൽപനചെയ്തിരിക്കുന്നത്. ഇടപാടുകളിൽ തട്ടിപ്പ് നടത്തുന്ന കമ്പനികളിൽ നിന്നും വാഗ്ദാനങ്ങൾ നിറവേറ്റാത്ത ഇടനിലക്കാർ, വ്യക്തികൾ എന്നിവരെക്കുറിച്ച് നിക്ഷേപകർക്ക് അറിവ് നല്കുന്നതിനും സഹായിക്കുന്നതാണ് ഈ വെബ് സൈറ്റ്. സാമ്പത്തിക കുറ്റകൃത്യങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചിട്ടുള്ള ദേശീയാടിസ്ഥാനത്തിലുള്ള വെബ്സൈറ്റാണ് ഇത്.

മൂലധനവിപണിയിലെ ചതിക്കുഴിക്കളെക്കുറിച്ചും തട്ടിപ്പുകാരെക്കുറിച്ചും ഏറ്റവും വേഗത്തിലും സമഗ്രമായ വിവരശേഖരണത്തിന് നിക്ഷേപകരെ സഹായിക്കാൻ watchoutinvestors.com ഉപകരിക്കുന്നു. നിക്ഷേപം നടത്തുന്നതിന് മുമ്പായി കമ്പനികളെക്കുറിച്ചും ഓഹരികളെക്കുറിച്ചും അന്വേഷിച്ചറിയുന്നതിന് ഈ വെബ്സൈറ്റിന്റെ സൗജന്യ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

2010 മെയ് 31-ലെ കണക്കുകൾ പ്രകാരം ഈ വെബ്സൈറ്റിൽ തട്ടിപ്പ് നടത്തുകയും വാഗ്ദാനങ്ങൾ ലംഘിക്കുകയും ചെയ്ത 1,06,000 പരാതികൾ ഉശപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 72,517 കമ്പനികളും സ്ഥാപനങ്ങളും 33,947 വ്യക്തികളും ഉൾപ്പെടുന്നു. ബി.എസ്.ഇ; സി.ഡി.എസ്.എൽ; സി.എൽ.ബി; ഡി.ആർ.ടി; ഇ.പി.എഫ്.ഒ; ഐ.ആർ.ഡി.എ; എം.സി.എ; എൻ.എച്ച്.ബി; എൻ.എസ്.ഡി.എൽ; എൻ.എസ്.ഇ; ആർ.ബി.ഐ; ആർ.ഒ.സി; സെബി എന്നീ റെഗുലേറ്ററി സ്ഥാപനങ്ങളുടെ ഉത്തരവുകൾക്ക് അനുസൃതമായാണു ഇവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2010 മെയ് 31-ന് ലഭ്യമായ കണക്കനുസരിച്ച് 27 ലക്ഷത്തിലധികം പേർ www.watchoutinvestors.com-ന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## investorhelpline.in

നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനായി രൂപകൽപനചെയ്തിട്ടുള്ള പോർട്ടലാണ് investorhelpline.in. നിക്ഷേപകരുടെ ഏത് തരത്തിലുള്ള പരാതിയും ഈ ഏകജാലകത്തിനു കീഴിൽ നല്കാവുന്നതാണ്. കോർപറേറ്റ്കാര്യ മന്ത്രാലയം, രജിസ്ട്രാർ ഓഫ് കമ്പനീസ്, സെബി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ investorhelpline.in. എന്ന പോർട്ടൽ വഴി സ്വീകരിക്കും. ആരോപണ വിധേയരായ കമ്പനികളുമായും റഗുലേറ്റർ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പരാതികൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.

മൂലധനവിപണിയുമായി ബന്ധപ്പെട്ട പരാതിക്കാർക്ക് ഈ പോർട്ടലിൽ ലോഗ് ഇൻ ചെയ്തശേഷം നിശ്ചിതഫോറത്തിൽ പരാതികൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ പരാതികളിലുള്ള മേൽനടപടികളും പുരോഗതിയും ഓൺലൈനിൽ നിരീക്ഷിക്കുന്നതിനും സാധ്യമാണ്.

ധാരാളം നിക്ഷേപകർ ഈ ഓൺലൈൻ പരാതി പരിഹാര സൗകര്യം പ്രയോജനപ്പെടുത്തുന്നു.

# പത്രാധിപരുടെ 20 മന്ത്രങ്ങൾ

## ദീർഘദൃഷ്ടിയോടെ സമ്പാദിക്കൂ......
**വിവേകപൂർവം നിക്ഷേപിക്കൂ**

**നിക്ഷേപം**

- നിക്ഷേപങ്ങൾ കൂടിയേ തീരു.
- നിക്ഷേപിക്കാത്ത സമ്പാദ്യങ്ങളുടെ മൂല്യം കാലം കഴിയുംതോറും ഇടിയുകയും നിങ്ങളുടെ ക്രയശേഷി കുറയുകയും ചെയ്യും.
- എന്നാൽ വിവേക ശൂന്യവും ബുദ്ധിരഹിതവുമായ നിക്ഷേപശൈലി സമ്പാദ്യം ചോർത്തും.

**<u>മികച്ച നിക്ഷേപത്തിനുള്ള ഇരുപത് മന്ത്രങ്ങൾ</u>**
**മന്ത്രം ഒന്ന്**

- **മികച്ച കമ്പനികളിൽ മാത്രം നിക്ഷേപിക്കുക**
- വിപണിയുടെ കയറ്റിറക്കങ്ങൾ അടിസ്ഥാനമാക്കിയും സാമ്പത്തിക ഭദ്രതയില്ലാത്തതുമായ കമ്പനികളിൽ നിക്ഷേപം അരുത്.
- മൗലികമെന്ന് കരുതുന്ന കമ്പനികളിൽ മാത്രം നിക്ഷേപിക്കൂ. ഈ കമ്പനികൾ വിപണിയുടെ സമ്മർദ്ദങ്ങൾ അതിജീവിച്ച് ദീർഘകാല നേട്ടം നല്കാനാകും.
- ഓഹരികൾ കമ്പനിക്കോ പ്രമോട്ടർമാർക്കോ മടക്കി നൽകാനോ വിൽക്കാനോ ആകില്ല.
- മികച്ച ഓഹരികളിൽ ധാരാളം ഇടപാട് നടക്കുന്നതുകൊണ്ട് വിപണിയിൽ വിററഴിക്കാൻ എളുപ്പമായിരിക്കും.

**മന്ത്രം രണ്ട്**

**ശ്രദ്ധയോടെ വായിക്കൂ**

- വിയർത്തുണ്ടാക്കിയ സമ്പാദ്യം കൊണ്ട് ചൂതാടരുത്.
- നിക്ഷേപത്തെക്കുറിച്ചുള്ള ജാഗ്രത അത്യാവശ്യം.
- പബ്ളിക് ഇഷ്യുവിന്റെ വാഗ്ദാനരേഖകളെക്കുറിച്ച് ശ്രദ്ധയോടെ പഠിക്കൂ. ഇത് പ്രാവർത്തികമാക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ഉപദേശമാണ്. കാരണം വാഗ്ദാനരേഖകൾ ആയിരത്തിലധികം പേജുകൾ അടങ്ങുന്നതാണ്. കമ്പനി പ്രോസപെക്ടസിന്റെ സംക്ഷിപ്ത രൂപം പോലും നീണ്ടതും വായിക്കാൻ ബുദ്ധിമുട്ടുള്ളതുമാണ്. എന്നിരുന്നാലും ശ്രദ്ധയോടെ വായിക്കണം. പ്രത്യേകിച്ചും നഷ്ടസാധ്യത, വ്യവഹാര നടപടികൾ, പ്രമോട്ടർമാർ, കമ്പനിയുടെ ചരിത്രം, പദ്ധതി, കമ്പനിയുടെ ആസ്തി-ബാധ്യത വിവരങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ഭാഗങ്ങൾ മനസിരുത്തി വായിച്ച് വിലയിരുത്തണം.

**മന്ത്രം മൂന്ന്**

**പ്രായത്തിനൊത്ത നിക്ഷേപം തെരഞ്ഞെടുക്കൂ**

- യൗവനത്തിൽ ഓഹരികളിലും പ്രായം ഏറുംതോറും നഷ്ടസാദ്ധ്യത കുറഞ്ഞ നിക്ഷേപങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുക.

- 50 വയസ്സ് കടന്നാൽ നഷ്ടസാധ്യത കൂടുതലുള്ള നിക്ഷേപങ്ങളിൽ നിന്ന് പിൻതിരിയുക.
- 55–നും 60–നും മദ്ധ്യേ ഓഹരിയിൽ മുതൽ മുടക്കുന്നതിൽ നിന്നും മുക്തനാകൂ. (നിങ്ങൾക്ക് സമ്പാദ്യം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ അതേ നഷ്ടസാധ്യത താങ്ങാനാകില്ല) ടെലിവിഷൻ ചാനലുകളിൽ ഓഹരിവിലയുടെ ചാഞ്ചാട്ടം നോക്കിയിരിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട കാര്യങ്ങൾ ജീവിതത്തിൽ ആ പ്രായത്തിൽ ചെയ്യാനുണ്ട്.

**മന്ത്രം നാല്**

**ഐ.പി.ഒകളിൽ നിക്ഷേപിക്കൂ**

- ഐ.പി.ഒ കൾ ഓഹരിവിപണിയിലെ നല്ല പ്രവേശനകവാടങ്ങൾ.

കാളമുന്നേറ്റ സമയത്ത് നല്ല ലാഭവും ചിലപ്പോൾ അതിമികച്ച ലാഭവും ലിസ്റ്റിംഗ് ദിനത്തിൽ തന്നെ ഒട്ടുമിക്ക ഐ.പി.ഒ കളും നൽകും. അപ്പോൾ ഒരു നിക്ഷേപകൻ ലാഭം ബുക്ക് ചെയ്തില്ലെങ്കിൽ ഒന്നുകിൽ അയാൾ അത്യാർത്തിയുള്ളവനോ അല്ലെങ്കിൽ കമ്പനിയെക്കുറിച്ച് തെറ്റായ നിഗമനത്തിൽ എത്തിച്ചേർന്നവനോ ആണ്. അയാൾ പിന്നീട് ഐ.പി.ഒയുടെ വിലയെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. ഓർമിക്കൂ.
ഐ.പി.ഒ.കൾ അപേക്ഷ സമർപിച്ച് വാങ്ങേണ്ടവയാണ്.
അവ നിക്ഷേപകരിൽ അടിച്ചേൽപിക്കുന്നവയല്ല.

- ഐ.പി.ഒ.കളിൽ നിക്ഷേപിക്കുമ്പോൾ പ്രശ്നം ഒന്നു മാത്രം. നമ്മൾ ഐ.പി.ഒ.കളിൽ നിക്ഷേപിക്കും അവ എക്കാലവും ഉയർന്ന വില നല്കുമെന്ന് പ്രതീക്ഷിക്കും. ഐ.പി.ഒ ലിസിറ്റിംഗ് ദിനത്തിൽ ലിസ്റ്റഡ് ഓഹരിയായി മാറും. പിന്നീട് വിപണിയിലെ ചാഞ്ചാട്ടങ്ങൾ അതിന്റെ വിലയെ സ്വാധീനിക്കും.
- ആദ്യം ഐ.പി.ഒ.യിലാണോ കമ്പനിയിൽ ആണോ നിക്ഷേപം നടത്തുന്നതെന്ന് തീരുമാനിക്കൂ ഐ.പി.ഒ.യിലാണെങ്കിൽ ലിസ്റ്റിംഗ് ദിനത്തിൽ തന്നെ വിറ്റഴിച്ച് ലാഭം നേടൂ. കമ്പനിയിലാണെങ്കിൽ, ഏത് ലിസ്റ്റഡ് ഓഹരിയിൽ നിക്ഷേപിക്കുന്നതു പോലെയും അതിനെപിൻതുടരുക.

എന്തൊക്കെയാണെങ്കിലും ഓരോ ഐ. പി.ഒയ്ക്കും ധനകാര്യ സ്ഥാപനങ്ങളുടെ മികച്ച പിൻതുണ ഉണ്ടോയെന്നു പരിശോധിച്ചശേഷം നിക്ഷേപിക്കുക. A.S.B.A നടപടിക്രമത്തിലൂടെ നിക്ഷേപിക്കുക

**മന്ത്രം അഞ്ച്**

**പൊതുമേഖലാ ഐ.പി.ഒകളിൽ നിക്ഷേപിച്ചുവെന്ന് ഉറപ്പുവരുത്തുക.**

- പൊതുമേഖലാ കമ്പനികളിലൂടെ ഐ.പി.ഒ.കൾ ലാഭകരവും നല്ലതുമാണ്. കൂടാതെ തട്ടിപ്പ് മൂലമുള്ള നഷ്ടസാധ്യത വളരെ കുറച്ച് മാത്രം.
- പൊതുമേഖലാ ഓഹരി വിൽപനയിൽ ചെറുകിട നിക്ഷേപകർക്ക് ഓഫർ വിലയിൽ നിന്ന് ഡിസ്കൗണ്ട് ഉണ്ട്.
- ലിസ്റ്റ് ചെയ്യുന്ന ഓഹരിവില കാര്യമാക്കേണ്ടതില്ല. കമ്പനിയിൽ ദീർഘകാലത്തേക്ക് നിക്ഷേപിക്കാവുന്നതാണ്.

**മന്ത്രം ആറ്**

**മ്യൂച്ചൽ ഫണ്ടുകളിൽ നിക്ഷേപിക്കുമ്പോൾ ശരിയായ ഫണ്ട് കമ്പനിയും പദ്ധതിയും തെരഞ്ഞെടുക്കൂ.**

- ഇന്ത്യയിൽ മ്യൂച്ചൽ ഫണ്ടുകൾ ഭൂരിഭാഗവും കോർപറേറ്റ് പണത്തിലൂന്നിയാണ്. ചെറുകിട നിക്ഷേപകരെ ലക്ഷ്യമിട്ടവയല്ല.

- എന്നിരുന്നാലും മ്യൂച്ചൽ ഫണ്ടുകൾ ചെറുകിട നിക്ഷേപകരെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ട നിക്ഷേപ സംരംഭങ്ങളാണ്.
- ഒരുപാട് വ്യത്യസ്തങ്ങളായ മ്യൂച്ചൽ ഫണ്ടുകളും സ്കീമുകളുമുണ്ട്. അവയിൽ അനുയോജ്യമായവ മാത്രം തെരഞ്ഞെടുക്കുക.

**മന്ത്രം ഏഴ്**

**വിൽക്കാൻ പഠിക്കുക**

• ഒട്ടുമിക്ക നിക്ഷേപകരും വാങ്ങിയ ഓഹരികൾ കയ്യിൽ വച്ചിരിക്കും. (ഒട്ടുമിക്ക സാമ്പത്തിക ഉപദേഷ്ടാക്കളും പറയുന്നത് ഓഹരി വാങ്ങുന്നതിനെക്കുറിച്ചും കയ്യിൽ സൂക്ഷിക്കുന്നതിനെ കുറിച്ചുമാണ്. ആരും വിൽക്കുന്നതിനെക്കുറിച്ച് സൂചനകൾ നല്കാറില്ല.

• ലാഭം നിങ്ങളുടെ അക്കൗണ്ടിൽ വരുമ്പോൾ മാത്രമേ ലാഭമാകൂ. (അല്ലാതെ നിങ്ങളുടെ രജിസ്റ്ററിലോ എക്സൽ ഷീറ്റിലോ ലാഭം ഉണ്ടാകില്ല.)

•ഓർക്കുക നിങ്ങൾക്കൊരിക്കലും വിപണിയിലെ ഏറ്റവും ഉയർന്ന ലാഭം നേടാനാകണമെന്നില്ല. അതുകൊണ്ട് ആർത്തി പാടില്ല.

• എപ്പോഴും ലാഭത്തിന് ലക്ഷ്യം നിശ്ചയിക്കുക അതിനനുസരിച്ച് വിൽക്കുക.

**മന്ത്രം എട്ട്**

**അംഗീകൃത ഇടനിലക്കാരുമായി മാത്രം ഇടപാടുകൾ നടത്തുക**

• ഒട്ടനവധി അനധികൃത ഇടപാടുകാർ നിങ്ങളെ വൻ ലാഭവീതം വാഗ്ദാനം നല്കി പ്രലോഭിപ്പിക്കാനിടയുണ്ട്. ഇവർ നിങ്ങളുടെ പണവുമായി മുങ്ങാനിടയുള്ളതിനാൽ ജാഗ്രത പാലിക്കണം.

• അംഗീകൃത ഇടപാടുകാരുമായി മാത്രം നിക്ഷേപം സംബന്ധിച്ച പണമിടപാടുകൾ നടത്തുന്ന താണ് ഏറ്റവും സുരക്ഷിതം. ഇതുമൂലം ഏതെങ്കിലും തരത്തിൽ കബളിപ്പിക്കപ്പെട്ടാൽ ബന്ധപ്പെട്ട റഗുലേറ്ററി ഏജൻസികൾക്ക് ഇവർക്ക് മേൽ നടപടി സ്വീകരിക്കാനാകും.

**മന്ത്രം ഒൻപത്**

**അത്യാർത്തിയുടെ ഇരയാകാതിരിക്കുക**

- പലതരം തട്ടിപ്പുകാരും നിങ്ങളുടെ ആർത്തി മുതലെടുക്കാനായി ചുറ്റിനടക്കുന്നുണ്ട്.
- മിക്ക തട്ടിപ്പുകാരും ചൂഷണം ചെയ്യുന്നത് ചെറുകിട നിക്ഷേപകരെയാണ്.
- നിങ്ങളുടെ പണം തട്ടിയെടുക്കാൻ സാധ്യതയുള്ള ഇത്തരം തട്ടിപ്പുകാർക്കെതിരെ ജാഗ്രത പുലർത്തുക.

**മന്ത്രം പത്ത്**

**ഇലക്ട്രോണിക് മാധ്യമങ്ങളിലെ ഓഹരി നിക്ഷേപ 'ടിപ്സ്'ന് എതിരെ ജാഗ്രത പുലർത്തൂ.**

• മൂലധനവിപണിയിൽ ഒട്ടേറെ വിശുദ്ധൻമാർ സൗജന്യ ഉപദേശങ്ങൾ നല്കാറുണ്ട്.

• ഈ സൗജന്യ ഉപദേശങ്ങൾക്ക് പിന്നിൽ എല്ലാം നിക്ഷിപ്ത താത്പര്യങ്ങൾ ഉണ്ട്.

• കൂടാതെ എളുപ്പത്തിൽ പണം സമ്പാദിക്കാമെന്ന വാഗ്ദാനവുമായി നിങ്ങളെ തേടിയെത്തുന്ന ഇ.മെയിൽ സന്ദേശങ്ങൾക്കും sms കൾക്കും എതിരെ ജാഗ്രത പുലർത്തൂ.

**മന്ത്രം പതിനൊന്ന്**

**പരസ്യങ്ങളിൽ വീഴാതിരിക്കുക**

• പരസ്യങ്ങളുടെ ലക്ഷ്യം നിങ്ങളിൽ മതിപ്പ് ഉളവാക്കുകയാണ്.

• അതിനാൽ പരസ്യവാചങ്ങളിലോ അതോടൊപ്പമുള്ള ചാരുതയുള്ള ദൃശ്യങ്ങളിലൊ അവയിലെ സന്ദേശങ്ങളിലോ ആകർഷിക്കപ്പെട്ട് ചതിയിൽപ്പെടാതിരിക്കുക.

**മന്ത്രം പന്ത്രണ്ട്**

**നിശ്ചിത വരുമാനം ഉറപ്പ് നല്കുന്ന പദ്ധതികളെക്കുറിച്ച് ജാഗ്രത പുലർത്തൂ.**

- ആരെങ്കിലും ബാങ്കുകളിലെ പലിശനിരക്കിനേക്കാൾ ഉയർന്ന ലാഭവീതം വാഗ്ദാനം ചെയ്യുന്നുവെങ്കിൽ സൂക്ഷിക്കുക.
- ഓർക്കുക ആട്-തേക്ക് -മാഞ്ചിയം പ്ലാന്റേഷൻ കമ്പനികൾ വാഗ്ദാനം ചെയ്തത് ഉയർന്ന ലാഭവീതമാണ്. (ചിലർ 50 ശതമാനം ലാഭവീതം വരെ ഒന്നാം ദിനത്തിൽ ഉറപ്പ് നല്കിയിരുന്നു).

**മന്ത്രം പതിമൂന്ന്**

**'ഗ്രേമാർക്കറ്റിന്റെ' പ്രീമിയത്തെക്കുറിച്ച് ജാഗരൂകരാകൂ.** (ഓഹരികൾ ലിസ്റ്റ് ചെയ്യുന്നതിന് മുമ്പുള്ള അനൗദ്യോഗിക വിപണി).

- ഇതെല്ലാം കൃത്രിമവും സാധാരണഗതിയിൽ പ്രമോട്ടർമാർ തന്നെ സൃഷ്ടിക്കുന്നതു മാണ്.

**മന്ത്രം പതിനാല്**

**ഒരു മേഖലയിലും അമിതവിശ്വാസമരുത്.**

- അടിസ്ഥാനസൗകര്യ വികസനവും ചരക്കുനീക്കം തുടങ്ങിയ മേഖലകളിലാണു ഇപ്പോൾ നിക്ഷേപകന്റെ കണ്ണ്.
- ഓർക്കുക എല്ലാ കമ്പനികളും മികച്ചവയല്ല. എല്ലാ മേഖലയിലും ചില മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കമ്പനികളും ഭേദപ്പെട്ട നിലവാരം പുലർത്തുന്ന കമ്പനി കളും മോശം കമ്പനികളും ഉണ്ട്.
- ചില മേഖലകൾ തിളങ്ങുമ്പോൾ നിക്ഷേപകരെ ആകർഷിക്കുന്നതിനായി അതിന് അനുയോജ്യമായ വിധത്തിൽ പേരു മാറ്റുന്ന കമ്പനികളെ സൂക്ഷിക്കുക.

**മന്ത്രം പതിനഞ്ച്**

**സുഖദായക ഘടകങ്ങളിൽ അമിതമായി ആശ്രയിക്കരുത്.**

- ഐ.പി.ഒ ഗ്രേഡിംഗ്, സ്വതന്ത്ര ഡയറക്ടർമാർ തുടങ്ങിയ സുഖദായക ഘടകങ്ങളെ അമിതമായി ആശ്രയിക്കരുത്.

**മന്ത്രം പതിനാറ്**

**കമ്പനിയുടെ ബാലൻസ്ഷീറ്റ് ഓഡിറ്റ് ചെയ്തതാണെന്നുള്ളതു കൊണ്ട് മാത്രം അടി ലൂന്നി അന്ധമായ തീരുമാനങ്ങൾ എടുക്കാതിരിക്കുക.**

- കമ്പനിയുടെ ബാലൻസ്ഷീറ്റിൽ തിരിമറിയും തട്ടിപ്പും നടത്തുകയും അതിനെഅടി സ്ഥാനമാക്കി വ്യാജപരസ്യങ്ങൾ നടത്തുന്നതിനും ധാരാളം കമ്പനികൾ ശ്രമിച്ചേക്കാം. സത്യം കുംഭകോണം ഇത് തിരിച്ചറിവ് നല്കി.
- ബാലൻസ് ഷീറ്റിലെ കുറിപ്പുകളും പരിച്ഛേദങ്ങളും ശ്രദ്ധയോടെ വായിക്കൂ.
- അസാധാരണമായ ഇടപാടുകൾ, പലവക ഘടകങ്ങൾ, അനുബന്ധ കണക്കുകൾ എന്നിവയെക്കുറിച്ചുള്ള കുറിപ്പുകൾ സസൂക്ഷ്മം പരിശോധിക്കുക.

**മന്ത്രം പതിനേഴ്**

**വില കുറഞ്ഞ ഓഹരികൾ എപ്പോഴും വാങ്ങാൻ യോഗ്യമല്ല.**

- വിലയെ പിൻതുടരാതിരിക്കുക. മൂല്യത്തെ പിൻതുടരുക.
- ഓഹരിവില കുറഞ്ഞ് രേഖപ്പെടുത്തുന്നത് കമ്പനിയടെ പ്രവർത്തനനില മോശമായതി ലാകാം. (എന്നാൽ കമ്പനിയുടെ പേരും പ്രചരണവും വ്യവസായ മേഖലയുടെ തിള ക്കവും നിങ്ങളെ വഴിതെറ്റിക്കും.)

• അതിലുപരി ഓഹരി മുഖവില പല കമ്പനികളും വിഭജിച്ചിട്ടുണ്ട്. (അഞ്ഞൂറിലധികം കമ്പനികൾ അവരുടെ ഓഹരിവില വിഭജിച്ചു കഴിഞ്ഞു)

അതിനു പുറകിലുള്ള ചേതോവികാരം താഴെ പറയുന്നവയാണ്.

- ചെറുകിട നിക്ഷേപകർക്ക് ഓഹരികൾ വാങ്ങാവുന്നവയാക്കുക.
- ഡീമാറ്റ് ചെയ്യുന്നതിന് യോഗ്യമല്ലാത്തതു മൂലം. ഒരു ഓഹരി പോലും ഇപ്പോൾ വാങ്ങാനാവും.
- പ്രധാനകാരണം ഓഹരി വില കുറഞ്ഞതായി തോന്നിപ്പിക്കുക.
- അമ്പതു രൂപ ഓഹരി വിലയുണ്ടായിരുന്ന കമ്പനികൾ അവരുടെ ഓഹരികൾ 1 : 10 എന്ന തോതിൽ വിഭജിച്ചിട്ടുണ്ട്.

## മന്ത്രം പതിനെട്ട്

**മുൻഗണനാ ക്രമത്തിലുള്ള ഓഹരികളും വാറണ്ടുകളും സ്വന്തമായി കയ്യടക്കുന്ന പ്രമോട്ടർമാരുടെ കമ്പനികളെ സൂക്ഷിക്കുക.**

- മേൽലാഭത്തിനു ആദ്യവകാശ ഓഹരികൾ പ്രമോട്ടർമാർ തന്നെ കയ്യടക്കുമ്പോൾ അതിന്റെ പ്രയോജനം പ്രമോട്ടർമാർക്ക് മാത്രമേ ലഭിക്കൂ. (നീതിപൂർവമായ മാർഗം അവകാശ ഓഹരികളാണ്).

## മന്ത്രം പത്തൊമ്പത്

**കോർപറേറ്റ് ഗവർണൻസ് (C.G), കോർപറേറ്റ് സോഷ്യൽ റസ്പോൺസിബിലിററി (C.S.R) തുടങ്ങിയ അവാർഡുകളുടെ ധാടിയിൽ തട്ടിപ്പിനിരയാകാതിരിക്കുക.**

- പല തട്ടിപ്പ് കമ്പനികളും അവരുടെ C.G, C.S.R പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നുണ്ട്.
- ധനകാര്യ മാനേജ്മെന്റിനും മികച്ച പ്രവർത്തനത്തിനുമുള്ള അവാർഡ് നേടിയെന്ന് അവകാശപ്പെട്ട് പല തട്ടിപ്പ് കമ്പനികളും രംഗപ്രവേശം ചെയ്യാറുണ്ട്.

## മന്ത്രം ഇരുപത്

- നിങ്ങളോട് ഏറ്റവും കൂടുതൽ സത്യസന്ധത പുലർത്തുക. എങ്കിൽ മാത്രമേ നിങ്ങൾക്ക് ഇടപാടുകളിൽ സത്യസന്ധത ആവശ്യപ്പെടാനാകൂ.
- നമ്മൾ ദുർബലരായ നിക്ഷേപകരാണ് / വളരെ ശക്തമായ നിക്ഷേപക സംഘടനകളുടെ അഭാവമുണ്ട്.
- എല്ലാം വരുന്ന മുറയ്ക്ക് ഏറ്റുവാങ്ങുന്നവരാണ് സാധാരണ നിക്ഷേപകർ. നിക്ഷേപകന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ശക്തമായ നിക്ഷേപക സംഘടനരൂപീകരിക്കേണ്ടതാണ്.
- കമ്പളിപ്പിക്കപ്പെട്ടാൽ പണം മടക്കിക്കിട്ടണമെന്ന് നിശ്ചയദാർഢ്യം പുലർത്തൂ.

# നിക്ഷേപകന്റെ അവകാശങ്ങൾ

**മൂലധനവിപണി**

കമ്പനികൾക്കും ഗവൺമെന്റിനും ദീർഘകാല ധനം സമാഹരിക്കുന്നതിനായുള്ള ഓഹരികളും കടപ്പത്രങ്ങളും ഇറക്കാവുന്ന വിപണി എന്നാണ് മൂലധനവിപണിയെന്ന് വിവക്ഷിക്കുന്നത്. അതോടൊപ്പം ഓഹരിവിപണിയിൽ ഇവ വിറ്റഴിക്കാനുള്ള വേദിയുമൊരുക്കുന്നു. സെബിയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും മൂലധനവിപണിയെ നിയന്ത്രിക്കുകയും ക്രമാനുഗതമായ വളർച്ചയ്ക്കും വികസനത്തിനും മേൽനോട്ടം വഹിക്കുകയും നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു.

ഓഹരി ഉടമകളാണ് ഒരു കമ്പനിയുടെ യഥാർത്ഥ ഉടമസ്ഥർ. കമ്പനി പ്രവർത്തനമികവ് കാഴ്ച വയ്ക്കുമ്പോൾ ഓഹരി ലാഭവീതത്തിലൂടെയും മൂലധനവളർച്ചയിലൂടെയും ഉള്ള പ്രയോജനം ലഭിക്കുന്നു. അതേസമയം കമ്പനിയുടെ പ്രവർത്തനം അവതാളത്തിലാകുമ്പോൾ ഓഹരി ഉടമകൾക്ക് നിക്ഷേപം മുഴുവനായോ ഭാഗികമായോ നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്.

**ഓഹരി ഉടമയുടെ അവകാശങ്ങൾ**

- അനുവദിച്ച ഓഹരികൾ സ്വീകരിക്കുന്നതിനും അല്ലെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ അവ വാങ്ങുന്നതിനും.
- ബാലൻസ്ഷീറ്റ്, ലാഭ നഷ്ട കണക്കുകൾ, ഓഡിറ്റർ റിപ്പോർട്ട് എന്നിവ അടങ്ങുന്ന കമ്പനിയുടെ വാർഷിക യോഗ റിപ്പോർട്ട് ലഭിക്കുന്നതിന്.
- ലാഭവീതം ലഭിക്കുന്നതിന്.
- അവകാശ ഓഹരികൾ, ബോണസ് ഓഹരികൾ തുടങ്ങിയ കമ്പനിയുടെ അംഗീകാരത്തോടെ ലഭിക്കുന്നതിന്.
- കമ്പനി ഏറ്റെടുക്കൽ, കമ്പനി ഡിലിസ്ററിംഗ്, ബൈബാക്ക് (പ്രമോട്ടർമാരുടെ ഓഹരി) എന്നീ സാഹചര്യങ്ങളിൽ വില സ്വീകരിക്കുന്നതിന്.
- വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും വോട്ട് രേഖപ്പെടുത്തുന്നതിനും.
- കമ്പനിയുടെ നിയമപ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും രജിസ്ട്രേഡ് ഓഫീസുകളിൽ പരിശോധിക്കുന്നതിന്.
- പൊതുയോഗങ്ങളുടെ നടപടി ചുരുക്കം സംബന്ധിച്ച ബുക്കുകൾ പരിശോധിക്കുന്നതിനും അതിന്റെ കോപ്പി ലഭിക്കുന്നതിനും.
- നിക്ഷേപക വിരുദ്ധരും തട്ടിപ്പുകാരുമായ കമ്പനികളെക്കുറിച്ച് പരാതിപ്പെടുന്നതിനും പരിഹാരം നേടുന്നതിനും.
- തെറ്റായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കമ്പനികൾക്കെതിരെ സിവിൽ-ക്രിമിനൽ നടപടികൾ സ്വികരിക്കുന്നതിന്.
- കമ്പനി പ്രവർത്തനം അവസാനിപ്പിക്കുന്ന സാഹചര്യങ്ങൾ ശിഷ്ട തുക ചോദിക്കുന്നതിന്.

**കടപ്പത്ര ഉടമകളുടെ അവകാശങ്ങൾ**

- പലിശ കാലവധി പൂർത്തിയാക്കുന്ന നിക്ഷേപക തുക നിശ്ചിത സമയത്ത് ലഭിക്കുന്നതിന്.
- ആവശ്യപ്പെട്ടാൽ ട്രസ്റ്റ് ഡീഡ് ലഭിക്കുന്നതിന്.
- കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് കടപ്പത്രങ്ങളിലെ നിക്ഷേപ തുകയും പലിശയും മടക്കി നല്കാത്ത കമ്പനികൾക്കെതിരെ സി.എൽ.ബി മുമ്പേ പരാതി നല്കുന്നതിന്.

- കടം തിരിച്ച് നല്കാത്ത കമ്പനികൾക്കെതിരെ അടച്ച് പൂട്ടുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് തർക്കപരിഹാരത്തിനായി കടപ്പത്ര ട്രസ്റ്റി മുമ്പാകെ പരാതി സമർപ്പിക്കുന്നതിന്.

**ഓഹരി വിൽക്കുന്നവർക്കും വാങ്ങുന്നവർക്കുമുള്ള അവകാശങ്ങൾ**

- മികച്ച വില ലഭിക്കാൻ
- ഓഹരി വിലയുടെയും കമ്മിഷന്റെയും തെളിവ്
- പണവും ഓഹരികളും സമയത്ത് ലഭിക്കാൻ
- ബ്രോക്കർ, ഡിപ്പോസിററി തുടങ്ങിയവയിൽനിന്നും അക്കൗണ്ട് സംബന്ധിച്ച സ്റേററ്മെന്റ് ലഭ്യമാക്കാൻ

**ഓഹരി വിൽക്കുന്നവരുടെയും വാങ്ങുന്നവരുടെയും ഉത്തരവാദിത്തങ്ങൾ**

- ബ്രോക്കറുമായും ഡിപ്പോസിറ്ററികളുമായും ശരിയായ കരാറിൽ ഏർപ്പെടുക.
- അംഗീകാരമുള്ള ധാരണാപത്രം കൈവശം സൂക്ഷിക്കുക.
- നിശ്ചിതസമയത്ത് പണം നല്കുക.
- നിശ്ചിതസമയത്ത് ഓഹരികൾ നല്കുക.

**പരാതികൾ സമർപ്പിക്കുന്നതിനുള്ള അവകാശം**

- ഓഹരി വിലയിലുള്ള തട്ടിപ്പിനെതിരെ.
- കൂടുതൽ കമ്മീഷൻ ചുമത്തുന്ന ദല്ലാൾമാർക്കെതിരെ.
- പണമോ ഓഹരികളോ ലഭിക്കാൻ കാലതാമസം നേരിടുന്നതിനെതിരെ.

**നിക്ഷേപകന്റെ ഉത്തരവാദിത്തങ്ങൾ**

- എപ്പോഴും മൂലധനവിപണിയെക്കുറിച്ചുള്ള അവബോധം പുലർത്തുക.
- ജാഗ്രത പുലർത്തുക.
- നിങ്ങളുടെ അവകാശങ്ങൾ വ്യക്തിയെന്ന നിലയിലോ നിക്ഷേപക സമൂഹമെന്ന നിലയിലോ വിനിയോഗിക്കുന്നതിന്.

# ചെയ്യേണ്ടതും ചെയ്യരുതാത്തതും

## പ്രാഥമിക വിപണി

### ചെയ്യേണ്ടവ

ഓഹരിയിൽ മുതൽ മുടക്കുന്നവർ വളരെ ശ്രദ്ധപൂർവ്വം പ്രോസ്പെക്ടസും അതിന്റെ സംക്ഷിപ്ത രൂപവും മനസിലാക്കണം.

കൂടാതെ താഴെപറയുന്ന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം.

നഷ്ടസാധ്യതകൾ

പ്രമോട്ടർമാരുടെ പാശ്ചാത്തലം

കമ്പനിയുടെ ചരിത്രം.

നിലവിലുള്ള വ്യവഹാരങ്ങളും കടബാധ്യതകളും

സാമ്പത്തിക അവലോകനറിപ്പോർട്ട്

ഓഹരികൾ ഇറക്കുന്നതിന്റെ ലക്ഷ്യം

ഓഹരിവിലയുടെ അടിസ്ഥാനം

അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

അപേക്ഷകൾ സമർപ്പിക്കുമ്പോൾ ഏതെങ്കിലും നിബന്ധനയെക്കുറിച്ച് എന്തെങ്കിലും സംശയമോ അവ്യക്തതയോ തോന്നിയാൽ വാഗ്ദാനരേഖയിൽ ചുമതലപ്പെടുത്തിയിരിക്കുന്ന ഓഫീസറുമായി ബന്ധപ്പെടുക.

നിശ്ചിതസമയത്തിനുള്ളിൽ നിങ്ങൾ വാങ്ങിയ ഓഹരികൾ ഡിമാറ്റ് ചെയ്യാതിരിക്കുകയോ ലഭിക്കാതിരിക്കുകയോ പണം മടക്കി ലഭിക്കാതിരിക്കുകയോ ചെയ്താൽ ഇഷ്യു നടത്തിയ കമ്പനിയുടെ പരാതി പരിഹാര ഓഫീസർ മുമ്പാകെയും ഇഷ്യൂവിനു ശേഷമുള്ള ലീഡ് മാനേജർ മുമ്പാകെയും പരാതി സമർപ്പിക്കുക.

### ചെയ്യാൻ പാടില്ലാത്തവ

- ഇഷ്യൂ നടത്തുന്നവർ പ്രത്യക്ഷമോ പരോക്ഷമോ ആയ വാഗ്ദാനങ്ങൾക്ക് വശംവദരാകരുത്.
- വിപണിയിൽ കുതിപ്പുണ്ടെന്നുള്ളതു കൊണ്ടോ വിലസൂചിക ഉയർന്ന ശ്രേണിയിലാണെന്നുള്ളതുകൊണ്ടോ ഇതേ മേഖലയിലുള്ള മറ്റ് കമ്പനികളുടെ ഓഹരി വില ഉയർന്ന് നില്ക്കുന്നതു കൊണ്ടോ ഇഷ്യുവിന് ഒരുങ്ങുന്ന കമ്പനിയുടെയോ ഗ്രൂപ്പിന്റെയോ ഓഹരിവില ഉയർന്ന് നില്ക്കുന്നതു കൊണ്ടോ മാത്രം നിക്ഷേപം നടത്തരുത്.
- ഇഷ്യൂ നടത്തുന്ന കമ്പനിയുടെ ഓഹരികൾ ലിസ്റ്റ് ചെയ്ത ശേഷം ഉടനെയോ, തുടർന്നോ ഉയരത്തിൽ തന്നെ നില്ക്കുമെന്ന് ഒരിക്കലും പ്രതീക്ഷിക്കരുത്.

# സെക്കൻഡറി വിപണി:- ദ്വിതീയവിപണി

**ചെയ്യേണ്ടവ**

ഏതൊരു ഓഹരിയിൽ നിക്ഷേപിക്കുന്നതിനു മുമ്പായി കമ്പനി മാനേജ്മെന്റ് അടിസ്ഥാനതത്വങ്ങൾ, ഏറ്റവും അടുത്തകാലത്തെ പ്രഖ്യാപനങ്ങൾ, വിവിധ നിയന്ത്രണങ്ങൾക്ക് വിധേയമായി നടത്തിയിരിക്കുന്ന വെളിപ്പെടുത്തലുകൾ എന്നിവ നിക്ഷേപകർ പരിശോധിക്കേണ്ടതാണ്. ഈ വിവരങ്ങൾ എല്ലാം നിർദ്ദിഷ്ട കമ്പനികളുടെയും ഓഹരി എക്സ്ചേഞ്ചുകളുടെയും വെബ്സൈററുകളിലും ബിസിനസ് പത്രങ്ങളിലും മാസികകളിലും വിവര വില്പനക്കാരുടെ ഡാററാബേസുകളിലും ലഭ്യമാണ്.

എല്ലാ നിക്ഷേപങ്ങൾക്കും നഷ്ടസാധ്യത ഉള്ളതിനാൽ നഷ്ടസാധ്യതയെടുക്കാനുള്ള നിങ്ങളുടെ കഴിവിനെആശ്രയിച്ചുള്ള നിക്ഷേപ- വിൽപനതന്ത്രങ്ങൾ നിങ്ങൾ സ്വീകരിക്കുന്നതാണ് ഉചിതം. നിക്ഷേപതന്ത്രങ്ങൾക്ക് അനുസൃതമായി നഷ്ടസാധ്യത കൂടിയും കുറഞ്ഞും വരും.

ഏതൊരു നിക്ഷേപത്തിനു മുതിരുന്നതിനു മുൻപായി നഷ്ടസാധ്യതയും ലാഭവും വിലയിരുത്തുക. അതോടൊപ്പം നിക്ഷേപങ്ങൾക്കുള്ള വിറ്റഴിക്കാനുള്ള സാധ്യതയും സുരക്ഷിതത്വവും പരിഗണിക്കുക.

സെബിയുടെ അംഗീകാരമുള്ള ബ്രോക്കർമാരുമായോ സബ് ബ്രോക്കർമാരുമായോ മാത്രം ഇടപാടുകൾ നടത്തുക.

സെബിയുടെ രജിസ്ട്രേഷനുള്ള ബ്രോക്കർ/സബ് ബ്രോക്കർമാരുമായും മാത്രം ഇടപാടുകൾ നടത്തുക.

ബ്രോക്കറുടെ പക്കൽ അക്കൗണ്ട് തുറക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ സശ്രദ്ധം വായിക്കുകയും പൂരിപ്പക്കുകയും ചെയ്യുക. ഇടപാടുകാർ രജിസ്ട്രേഷൻ, ഇടപാടുകാരും ടേസ്മെംബർ കരാർ എന്നിവ സശ്രദ്ധം വായിക്കുക.

നിങ്ങളുടെ ഇടുപാടുകാരെ അറിയുക, കരാർ ഒപ്പിട്ട് നല്കുക.

നിങ്ങളുടെ ബ്രോക്കർ/സബ്ബ്രോക്കർ എന്നിവർക്കും ഡി.പി.യിലും വ്യക്തവും അസന്നിഗ്ദ്ധവുമായ നിർദ്ദേശങ്ങൾ നല്കുക.

ഓരോ ഇടപാടിലും കോൺട്രാക്റ്റ് രേഖയ്ക്കായി ആവശ്യപ്പെടുക. കോൺട്രാക്റ്റ് രേഖയിലെ വിശദാംശങ്ങൾ ലഭിച്ച ഉടൻ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള സംശയമുണ്ടായാൽ ഉടൻ നിങ്ങളുടെ ഇടപാടിന്റെ വിശദാംശങ്ങൾ ഓഹരിവിപണിയിലെ വെബ്സൈറ്റിലുള്ള വിവരങ്ങളുമായി ഒത്തുനോക്കുക.

നിശ്ചിതസമയത്ത് ആവശ്യമായ മാർജിൻ അടച്ചുവെന്ന് ഉറപ്പു വരുത്തുക.

വിൽപനക്കാരനെങ്കിൽ ഓഹരികളും ഡിപ്പോസിറ്ററി സ്ലിപ്പുകളും വാങ്ങുകയാണെങ്കിൽ പണവും നിശ്ചിതസമയത്ത് കൈമാറുക.

കമ്മിഷൻ, പണമിടപാടുകൾ, മാർജിൻ തുടങ്ങിയവ അംഗീകൃത വ്യക്തികൾക്കു മാത്രം നല്കുക.

മാർജിനായി ഈട് നല്കുന്ന വസ്തുക്കൾക്ക് രസീത് കൈപ്പറ്റുക.

നിങ്ങളുടെ ഡി.പിയിൽ നിന്നും നിങ്ങളുടെ ക്രയവിക്രയങ്ങളും ഇടപാടുകളും നിലവിലുള്ള ഓഹരികളും സംബന്ധിച്ചുള്ള സ്റ്റേറ്റ് മെന്റുകൾ ലഭിക്കുന്ന മുറയ്ക്ക് സൂക്ഷ്മപരിശോധനനടത്തുക.

ഡി.പിയിൽ നിന്നും നല്കുന്ന ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പുബുക്ക് കൃത്യമായി പരിശോ

ധിക്കുക. മുൻകൂട്ടി അച്ചടിച്ച ഡി ഐ. എസ് നും അതിൽ ക്ലയന്റ് ഐ.ഡിയോടുകൂടിയ നിങ്ങളുടെ അക്കൗണ്ട് നമ്പർ മുൻകൂട്ടി സ്റ്റാമ്പ് ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തുക.

നിങ്ങൾ തുടർച്ചയായി ഇടപാടുകൾ നടത്തുന്നില്ലെങ്കിൽ നിങ്ങളുടെ ഡിമാറ്റ് അക്കൗണ്ടിൽ താത്കാലികമായി മരവിപ്പക്കുന്നതിനുള്ള സംവിധാനം ഉപയോഗിക്കുക.

നിക്ഷേപ ഇടപാടുകൾ സംബന്ധമായ എല്ലാ രേഖകളുടെയും കോപ്പികൾ സൂക്ഷിക്കുക, ഇടപാട് നടത്തുന്നതിന് മുന്പായി ഉചിതമായ ചോദ്യങ്ങൾ ഉയർത്തി സംശയ നിവൃത്തിവരുത്തുക.

**ചെയ്യാൻ പാടില്ലാത്തവ**

- ഓരോ നിക്ഷേപ ഇടപാടിലും ബന്ധപ്പെട്ട നഷ്ടസാധ്യത വിലയിരുത്തുന്നതിനു മറക്കാതിരിക്കുക.
- ഓഫ്മാർക്കററ് ഇടപാടുകൾക്ക് തുനിയാതിരിക്കുക.
- രജിസ്ട്രേഷനില്ലാത്ത ഇടനിലക്കാരുമായി ഇടപാടുകൾ നടത്താതിരിക്കുക.
- ഒരിക്കലും യാഥാർഥ്യബോധമില്ലാത്ത ലാഭവും സ്ഥിരവും ഉറപ്പുള്ളതുമായ വരുമാനങ്ങളും വാഗ്ദാനം ചെയ്യുന്നവരുടെ ഇരകളാകാതിരിക്കുക.
- കേട്ട് കേൾവിയുടെയും 'ടിപ്സ്'ന്റെയോ അടിസ്ഥാനത്തിൽ മാത്രം നിക്ഷേപം നടത്താതിരിക്കുക.
- അടിസ്ഥാനഘടകങ്ങൾ ദുർബലമായ കമ്പനികളുടെ (പെന്നിസ്റ്റോക്ക്സ്) ഓഹരികളിൽ വൻതോതിൽ വിൽക്കൽ വാങ്ങൽ നടക്കുന്നതിന്റെയും മാധ്യമ വാർത്തകളുടെയും അടിസ്ഥാനത്തിൽ മാത്രം നിക്ഷേപിക്കാതിരിക്കുക.
- ആൾക്കൂട്ടത്തെ പിൻതുടരാതിരിക്കുക മുന്നേറ്റങ്ങൾക്കൊപ്പം കളിക്കാതിരിക്കുക.
- വെബ്സൈറ്റുകൾ, ടെലിവിഷൻ ചാനലുകൾ, എസ്.എം.എസുകൾ എന്നിവ നല്കുന്ന നിക്ഷേപ ഉപദേശങ്ങളെ അന്ധമായി ആശ്രയിക്കാതിരിക്കുക.
- മുൻകാലങ്ങളിൽ വിപണിയിൽനിന്ന് നേട്ടം കൊയ്തവരെ പൂർണമായും പിന്തുടർന്ന് ഊഹക്കച്ചവടത്തിൽ ഏർപ്പെടാതിരിക്കുക.
- വിപണിയിൽ സമയം കുറിക്കാതിരിക്കുക.
- ഗവൺമെന്റ് ഏജൻസികൾ നല്കിയെന്നു പറയപ്പെടുന്ന അനുമതി പത്രങ്ങളും രജിസ്ട്രേഷനും ഹാജരാക്കുന്ന കമ്പനികളുടെ കുപ്രചരണത്തിൽ വീഴാതിരിക്കുക. ചിലപ്പോൾ ഈ അനുമതി പത്രങ്ങൾ മറ്റേതെങ്കിലും ആവശ്യത്തിനായി നല്കിയതാകാം.
- കമ്പനിയുടെ പ്രവർത്തനമികവിനെക്കുറിച്ചുള്ള പരസ്യങ്ങളിൽ പ്രലോഭിതനാകാതിരിക്കുക.
- മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന മൂലധനവിപണിയെക്കുറിച്ചും കമ്പനികളെക്കുറിച്ചുമുള്ള വാർത്തകളും വിശകലനങ്ങളും അന്ധമായി വിശ്വസിക്കാതിരിക്കുക. അവയിൽ ചിലതെങ്കിലും തെറ്റിദ്ധാരണ സൃഷ്ടിക്കുന്നവയാണ്.
- നിങ്ങളുടെ നിക്ഷേപവും ലാഭവും മുൻകൂട്ടി ഒപ്പിട്ട ചെക്കുകൾ മുഖേനമടക്കി നല്കുമെന്ന ഉറപ്പിൽ വീഴാതിരിക്കുക.
- നിങ്ങളുടെ പരാതികളും സംശയങ്ങളും പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പാകെ പരാതി നല്കാൻ മടിക്കരുത്.
- നിങ്ങളുടെ **ഡി**മാറ്റ് അക്കൗണ്ടിന്റെ ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പുകൾ (D.I.S) പൂരിപ്പിക്കാതെ ഒപ്പിട്ട് സുരക്ഷിതമല്ലാത്ത് സ്ഥാനങ്ങളിൽ വയ്ക്കാതിരിക്കുക.
- നിങ്ങളുടെ ദല്ലാളിനോ ഡി പി. യ്ക്കോ പൂരിപ്പിക്കാത്ത ഡി.ഐ.എസ് ഒപ്പിട്ട് നല്കാതിരിക്കുക.

# ബ്രോക്കർ-സബ് ബ്രോക്കർ ഇടപാടുകൾ

**ചെയ്യേണ്ടവ**

സെബിയുടെ രജിസ്ട്രേഷൻ ഉള്ള ബ്രോക്കർമാരും സബ് ബ്രോക്കർമാരുമായും മാത്രം ഇടപാട് നടത്തുക. അവർക്ക് സാധ്യതയുള്ള സെബിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്ഉണ്ടോയെന്ന് പരിശോധിക്കുക.

നിങ്ങളുടെ അഭാവത്തിൽ ആരായിരിക്കും നിങ്ങൾക്ക് വേണ്ടി ഓർഡർ നല്കുകയെന്നതിനെക്കുറിച്ച് കൃത്യമായും വ്യക്തമായും പറയുക. നിങ്ങളുടെ ബ്രോക്കർക്കും /സബ് ബ്രോക്കർക്കും വ്യക്തവും സംശയരഹിതവുമായ നിർദ്ദേശങ്ങൾ നല്കുക.

ഇടപാടുകൾ തുടങ്ങുന്നതിന് മുൻപായി രജിസ്ട്രേഷൻ ഫോറം ഒപ്പിടാൻ ബ്രോക്കറിനോട് ആവശ്യപ്പെടുക.

ബ്രോക്കർ സബ് ബ്രോക്കർ എന്നിവരുമായി വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച് വ്യക്തമായ കരാറിൽ ഏർപ്പെടുക.

നഷ്ടസാധ്യത വെളിപ്പെടുത്തുന്ന രേഖ ശ്രദ്ധാപൂർവം വായിച്ചതിനു ശേഷം മാത്രം കരാർ ഒപ്പിടുക.

കരാറിന്റെ എല്ലാപേജിലും നിങ്ങളും ബ്രോക്കറോ അയാൾ നിയോഗിക്കുന്ന നിയമനുസൃതമായ പ്രതിനിധിയോ ഒപ്പിട്ടുവെന്ന് ഉറപ്പ് വരുത്തുക. കൂടാതെ കരാറിൽ സാക്ഷികളുടെ ഒപ്പും പേരും വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

ഓഹരി ഇടപാടുകൾ നടത്തി 24 മണിക്കൂറിനകം കോൺട്രാക്റ്റ് നോട്ട് /ഇടപാട് സ്ഥിരികരിച്ചുള്ള മെമ്മോ നല്കണമെന്ന് നിർബന്ധിക്കുക.

കോൺട്രാക്റ്റ് രേഖയോ ഇടപാട് സ്ഥിരികരിച്ചുള്ള മെമ്മൊയോ ലഭിച്ചാൽ അതിന്റെ ഡ്യൂപ്ലിക്കേറ്റ് ഒപ്പിട്ട് ബ്രോക്കർവശം സൂക്ഷിക്കുന്നതിനായി തിരിച്ചു നല്കുക.

ഓരോ ഇടപാട് തീർക്കമ്പോഴും അതിന്റെ ബിൽ ആവശ്യപ്പെടുക. കോണ്ട്രാക്റ്റ് രേഖയിൽ ബ്രോക്കറിന്റെ പേര്; ഇടപാട് നടത്തിയ സമയം, നമ്പർ; ഇടപാട് സംബന്ധിച്ച വില വിവരം, കമ്മീഷൻ ഇവ വെവ്വേറെ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

അക്കൗണ്ട് സംബന്ധിച്ച ആനുകാലികമായ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുക.

ചെക്കുകളും ഡ്രാഫ്റ്റുകളും ബ്രോക്കറിന്റെ ഇടപാട് പേരിൽ മാത്രം നല്കുക.

പേഔട്ട് കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പണമോ ഓഹരികളോ ലഭിച്ചുവെന്നു ഉറപ്പു വരുത്തുക. ഇതിൽ ഏതെങ്കിലും തർക്കം ഉടലെടുത്താൽ സെബി. സ്റ്റോക്ക് എക്സ്ചേഞ്ച്, ഇടനിലക്കാർ എന്നിവയുടെ ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പേ നിശ്ചിത സമയപരിധിക്കുള്ളിൽ പരാതി രേഖാമൂലം സമർപ്പിക്കുക.

സബ്ബ്രോക്കറുമായി തർക്കമുണ്ടെങ്കിൽ ഉടൻ പ്രധാനദല്ലാളിനെവിവരം അറിയിക്കുക.

സെബി, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ എന്നിവ കാലാകാലങ്ങളിൽ ഇറക്കുന്ന നിയമാവലിയും മാർഗനിർദ്ദേശങ്ങളും ചട്ടങ്ങളും സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കാൻ ശ്രമിക്കുക.

നിങ്ങളുടെ ഡിമാറ്റ് അക്കൗണ്ടിലുള്ള ഓഹരികളുടെ വിലയും നിലയും ദിനം പ്രതിയെന്നോണം പരിശോധിക്കുക.

ഓഹരികൾ വാങ്ങുന്നതിന് മുന്നോടിയായി അതിനായുള്ള പണം നിങ്ങളുടെ പക്കൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

ഓഹരി വിൽക്കുന്നതിന് മുമ്പ് നിങ്ങളുടെ കൈവശം ആ ഓഹരികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക

**ചെയ്യാൻ പാടില്ലാത്തവ**

- അംഗീകാരമോ രജിസ്ട്രേഷനോ ഇല്ലാത്ത ബ്രോക്കർ/ സബ് ബ്രോക്കർ/ ഇടനിലക്കാർ എന്നിവരുമായി ഇടപാടുകൾ നടത്തരുത്.
- വ്യവസ്ഥകളും നിബന്ധനകളും പൂർണമായി മനസിലാക്കാതെ രേഖകൾ ഒപ്പിട്ട് ഇടനിലക്കാരുമായി കരാറിൽ ഏർപ്പെടരുത്.
- സബ് ബ്രോക്കറിന്റെയോ  സബ് ബ്രോക്കറിന്റെയോ കൈവശം നിങ്ങളുടെ ഡിമാറ്റ് ഇടപാട് സ്ലിപ്പ് ബുക്ക് സൂക്ഷിക്കാൻ ഏൽപ്പിക്കരുത്.
- ബ്രോക്കറുമായും  സബ് ബ്രോക്കറുമായും എത്ര അടുത്ത പരിചയം ഉണ്ടായിരുന്നാലും ഓഹരി ഇടപാട് ബന്ധിച്ചു എല്ലാ രേഖകളും ആവശ്യപ്പെടാൻ മടിക്കരുത്.

# മ്യൂച്ചൽ ഫണ്ടുകൾ

## ചെയ്യേണ്ടവ

നിക്ഷേപിക്കുന്നതിന് മുൻപായി വാഗ്ദാനരേഖ സൂക്ഷമമായി വായിക്കുക.

ഓർക്കുക മ്യൂച്ചൽ ഫണ്ട് നിക്ഷേപങ്ങൾ നഷ്ടസാധ്യതയുള്ളതാണ്. എപ്പോഴും ലാഭം പ്രതീക്ഷിക്കാനാകില്ല.

നിങ്ങളുടെ നിക്ഷേപ ലക്ഷ്യങ്ങൾക്ക് അനുസൃതമായും നഷ്ടസാധ്യത വിലയിരുത്തിയും മാത്രം നിക്ഷേപം നടത്തുക.

മുൻകാലങ്ങളിൽ വളരെ മെച്ചപ്പെട്ട ലാഭം നല്കിയ നിക്ഷേപ പദ്ധതികളും മ്യൂച്ചൽഫണ്ടുകളും അതേ ലാഭമോ പ്രവർത്തനമികവോ ഭാവിയിൽ ആവർത്തിക്കണമെന്നില്ല. അതിനാൽ മുൻകാല മികവ് ഒരു മ്യൂച്ചൽ ഫണ്ടിന്റെ ഭാവി ഉറപ്പാക്കുന്നില്ല.

നിങ്ങളുടെ നിക്ഷേപ പദ്ധതികളുടെ എൻ.എ.വി മൂല്യം സംബന്ധിച്ച് നിരന്തരം വിലയിരുത്തുക.

നിങ്ങളുടെ നിക്ഷേപങ്ങളെക്കുറിച്ചും കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്കുള്ള തിരിച്ച് നല്കലിനെക്കുറിച്ചുമുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

## ചെയ്യാൻ പാടില്ലാത്തവ

- ഒരാൾ നിങ്ങൾക്ക് പാരിതോഷികങ്ങളോ കമ്മീഷനോ സമ്മാനങ്ങളോ നല്കുന്നതിന്റെ പേരിൽ മാത്രം ഒരു നിക്ഷേപ പദ്ധതിയിൽ പണം നിക്ഷേപിക്കാതിരിക്കുക.
- മ്യൂച്ചൽ ഫണ്ടുകളുടെയോ നിക്ഷേപ പദ്ധതികളുടെയോ പേരിൽ മാത്രം ആകർഷിക്കപ്പെടാതിരിക്കുക.
- മുൻകാലത്ത് നല്കിയ മികവുറ്റ ലാഭത്തിന്റെ പേരിലോ ഭാവിയിൽ വാഗ്ദാനം ചെയ്യുന്ന ഉയർന്ന ലാഭത്തിന്റെ അടിസ്ഥാനത്തിലോ മാത്രം മ്യൂച്ചൽ ഫണ്ടുകളിൽ നിക്ഷേപിക്കാതിരിക്കുക.
- ഒരിക്കലും നിക്ഷേപവുമായി ബന്ധപ്പെട്ട നഷ്ടസാധ്യത കണക്കിലെടുക്കാതിരിക്കരുത്.
- നിങ്ങളുടെ പരാതികളും സംശയങ്ങളും പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അനധികൃതരുമായി ബന്ധപ്പെടുക.
- ആംഫിയുമായി രജിസ്റ്റർ ചെയ്യാത്ത ബ്രോക്കറുമായോ ഏജന്റുമായോ ഇടപാടുകൾ നടത്തരുത്.

# മടക്കിവാങ്ങൽ

**ചെയ്യേണ്ടവ**

നിക്ഷേപം മടക്കിവാങ്ങുന്നത് സംബന്ധിച്ച പ്രത്യേക പ്രമേയം ശ്രദ്ധാപൂർവ്വം വായിച്ചതിന് ശേഷം അതിന് അനുമതി നല്കുക.

കഴിഞ്ഞ കുറെ മാസങ്ങളിലുള്ള കമ്പനിയുടെ ഓഹരി പ്രതിവരുമാനവും, ബുക്ക് വാല്യൂവും കണക്കിലെടുത്ത ശേഷം മടക്കിവാങ്ങുന്നതിനായി വാഗ്ദാനം ചെയ്യുന്ന വിലയുമായി താരതമ്യപ്പെടുത്തുക. അതിനുശേഷം മാത്രം വാഗ്ദാനം ചെയ്യുന്ന വില മെച്ചപ്പെട്ടതാണോ യെന്ന് വിലയിരുത്തുക.

ഓഹരികൾ മടക്കിവാങ്ങുന്നതിനുള്ള അപേക്ഷഫോറത്തിലെ നിബന്ധനകൾ സൂക്ഷ്മതയോടെ വായിക്കുക.

നിങ്ങളുടെ അപേക്ഷ കൃത്യസമയത്ത് കളക്ഷൻ കേന്ദ്രങ്ങളിൽ എത്തിയെന്ന് ഉറപ്പ് വരുത്തുക.

വാഗ്ദാനപത്രികയിൽ ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിക്കുക.

നിങ്ങളുടെ അപേക്ഷകൾ വാഗ്ദാനപത്രികയിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ / സാധാരണ തപാൽ എന്നിവ വഴിയോ അല്ലെങ്കിൽ നേരിട്ടോ നല്കുക.

നിങ്ങൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ കമ്പനിയിൽ നിന്നും പ്രതികരണം ഉണ്ടായില്ലെങ്കിൽ മർച്ചന്റ് ബാങ്കുമായി ബന്ധപ്പെടുക.

പരാതിയുണ്ടെങ്കിൽ വാഗ്ദാനപത്രികയിൽ പരാമർശിച്ചിരിക്കുന്ന പരാതി പരിഹാര ഓഫീസറെ ബന്ധപ്പെടുക.

ഇടപാടുകളുമായി ബന്ധപ്പെട്ട് കമ്പനി നിയമങ്ങൾ ലംഘിച്ചിട്ടുണ്ടെങ്കിൽ രജിസ്ട്രാർ ഓഫ് കമ്പനീസിന് പരാതി നല്കുക.

**ചെയ്യാൻ പാടില്ലാത്തവ**

- ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കരുത്.
- അപേക്ഷകൾ വ്യത്തിയായി പൂരിപ്പിക്കാൻ മറക്കരുത്.
- അപേക്ഷഫോറം വികലമാക്കരുത്.
- അപേക്ഷകൾ തെറ്റായ മേൽവിലാസത്തിൽ അയക്കരുത്.
- ഇഷ്യൂ അവസാനിച്ച തീയതിക്ക് ശേഷം അപേക്ഷ അയക്കരുത്.
- അപേക്ഷ ഫോറത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പൂർണമായി വിവരങ്ങൾ നല്കാൻ മറക്കരുത്.
- അപേക്ഷയിൽ ഒപ്പിടാൻ മറക്കരുത്.
- അപേക്ഷയിൽ പരസ്പര വിരുദ്ധമോ തെറ്റായ വിവരങ്ങളോ രേഖപ്പെടുത്തരുത്.

# ഓപ്പൺ ഓഫറുകൾ

(ഏറ്റെടുക്കൽ നിയന്ത്രണങ്ങൾക്ക് വിധേയമായി)

**ചെയ്യേണ്ടവ**

ഏത് ഓഫറുകളും അംഗീകരിക്കുന്നതിന് മുൻപായി വിവിധ മത്സര സ്വഭാവമുള്ള ഓഫറുകളെക്കുറിച്ചും വിലയിൽ വരുത്തുന്ന ഭേദഗതികളെക്കുറിച്ചും ബോധവനാകുക.
ദേശീയ ദിനപത്രങ്ങൾ, സെബിയുടെ വെബ്സൈററ് എന്നിവ പരിശോധിച്ചാൽ മത്സര സ്വഭാവമുള്ള വിവിധ ഓഫറുകളെക്കുറിച്ചും അതിൽ വരുത്തുന്ന ഭേദഗതി ഓഫറുകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്.

ഓഫർ ലെററിൽ മുന്നറിയിപ്പ് നൽകുന്നതുപോലെ ഇതിൽ പറയുന്ന വില, നിയന്ത്രണസ്ഥാപനങ്ങളുടെ അംഗീകാരത്തിനു വിധേയമാണെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കുക.

ഓഫറിന് വിധേയമായാൽ കമ്പനി ഡിലിസ്ററ് ചെയ്യുമോയെന്ന് പ്രത്യേകം പരിശോധിക്കണം.

ഡിമാററ് ഓഹരികളുടെ കാര്യത്തിലാണെങ്കിൽ ഓഫർ അവസാനിക്കുന്ന തീയതിക്ക് മുൻപായി മുഴുവൻ തുകയും സ്പെഷ്യൽ ഡിപ്പോസിററി അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

ഓഫർ ലെററിൽ പറയുന്ന രേഖകൾ ഇടപാടുകാരന് നേരിട്ട് കൈമാറുന്ന തീയതിയും സമയവും പ്രത്യേകം ശ്രദ്ധിക്കുക

ഓഫർവിലയിൽ ഏററവും ഒടുവിൽ വരുത്തുന്ന വ്യതിയാനങ്ങൾ നോക്കി (ഓഫർ അവസാനിക്കുന്ന തീയതിയുടെ ഏഴ് പ്രവൃത്തിദിവസം മുമ്പുവരെ) മാത്രം നിങ്ങളുടെ സമ്മതിപത്രം നൽകുക.

ടെൻഡർ നടത്തിയ ഓഹരികൾ പിൻവലിക്കാൻ തീരുമാനിച്ചാൽ അതിനായി ഓഫർ അവസാനിക്കുന്നതിന്റെ മൂന്ന് പ്രവൃത്തിദിനം മുമ്പെങ്കിലും ഓഫർലെററിൽ പറയുന്ന കളക്ഷൻ സെന്ററിൽ ഓഫർലെറററിനൊപ്പം പിൻവലിക്കുന്നതിനുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് നൽകുക.

ഡിപ്പോസിററി നിർദ്ദേശരേഖ, പിൻവലിക്കൽ പത്രം എന്നിവയിൽ നിങ്ങൾ രേഖപ്പെടുത്തുന്ന ഒപ്പും കമ്പനിയുടെ പക്കലുള്ള രേഖകളിൽ നിങ്ങൾ ഇട്ടിരിക്കുന്ന ഒപ്പും ഒന്നുതന്നെയാണെന്ന് ഉറപ്പുവരുത്തുക.

ഓഫർ രേഖയുടെ അഭാവത്തിൽ നിങ്ങൾക്ക് വിശദമായ വിവരങ്ങളോടുകൂടി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിച്ച് ഓഹരികൾ ടെൻഡർ നടത്താവുന്നതും ടെൻഡർ നടത്തിയിട്ടുണ്ടെങ്കിൽ അതിനായി നൽകിയ സമ്മതപത്രം പിൻവലിക്കാവുന്നതുമാണ്.

**ചെയ്യാൻ പാടില്ലാത്തവ**

- ടെൻഡറിനായുള്ള സമ്മതിപത്രം നൽകുന്നതിന് ഓഫറിന്റെ അവസാനദിവസംവരെ കാത്തിരിക്കരുത്.
- അയച്ചുകൊടുക്കുന്ന ട്രാൻസ്ഫർ ഡീഡിൽ വാങ്ങുന്നയാളുടെയോ / ട്രാൻസ്ഫർ ചെയ്യുന്ന ആളുടെയോ വിവരങ്ങൾ പൂരിപ്പിക്കരുത്.
- അപൂർണമായ അപേക്ഷകളോ നിയമസാദ്ധ്യതയില്ലാത്ത രേഖകളോ സമർപ്പിക്കരുത്.

## മൊത്തനിക്ഷേപ പദ്ധതികൾ

**ചെയ്യേണ്ടവ**

നിക്ഷേപ പദ്ധതികൾ ഇഷ്യുചെയ്യുന്ന സ്ഥാപനം സെബിയിൽ രജിസ്ററർ ചെയ്തതാണെന്ന് ഉറപ്പുവരുത്തുക.

ഓഫർ രേഖയിൽ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവം വായിക്കുക.

നിക്ഷേപ പദ്ധതിയുടെ അവലോകനറിപ്പോർട്ട് പഠിക്കുക.

പദ്ധതിയുടെ വിജയസാദ്ധ്യതകൾ പരിശോധിക്കുക.

പ്രമോട്ടർമാരുടെ പശ്ചാത്തലവും വൈദഗ്ദ്ധ്യവും പരിശോധിക്കുക.

സ്ഥാപനത്തിന്റെ ആസ്തിയും വിശ്വാസ്യതയും ഉറപ്പുവരുത്തുക.

ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം മൊത്തനിക്ഷേപ മാനേജ്മെന്റ് കമ്പനിക്കുണ്ടെന്ന് ഉറപ്പുവരുത്തുക.

നിക്ഷേപ പദ്ധതിയുടെ ക്രെഡിററ്റേററിംഗ് കാലാവധിയും പരിശോധിക്കുക.

മുൻകാല നിക്ഷേപ പദ്ധതികളിൽ കമ്പനി നൽകിയ വാഗ്ദാനങ്ങൾ പൂർണമായും പാലിച്ചോയെന്ന് പരിശോധിക്കുക.

ഓരോ സാമ്പത്തികവർഷം അവസാനിച്ച് രണ്ട് മാസത്തിനുള്ളിൽ വാർഷിക റിപ്പോർട്ടിന്റെ കോപ്പി സി. ഐ.എം.സി നിങ്ങൾക്ക് അയച്ചുവെന്ന് ഉറപ്പുവരുത്തുക.

നിക്ഷേപത്തിൻമ്മേലുള്ള വരുമാനമോ നിക്ഷേപമോ മടക്കിലഭിക്കുമെന്ന് സെബി ഉറപ്പുനൽകുന്നില്ലെന്ന് പ്രത്യേകം ഓർക്കുക.

**ചെയ്യാൻ പാടില്ലാത്തവ**

x സെബിയിൽ രജിസ്ററർ ചെയ്യാത്ത സി.ഐ.എസ് സ്ഥാപനങ്ങളിൽ നിക്ഷേപമരുത്.

x നിക്ഷേപത്തിന്മേലുള്ള ഉറപ്പുള്ള വരുമാനങ്ങളും മടക്കിനൽകാൻ വാഗ്ദാനങ്ങളും സംബന്ധിച്ച് പരസ്യ പ്രചരണങ്ങളിലോ കേട്ടുകേൾവികളിലോ വശംവദരാകാതിരിക്കുക.

# ഡെറിവേറ്റിവുകൾ

**ചെയ്യേണ്ടവ**

സ്റ്റോക്ക് എക്സ്ചേഞ്ചുകൾ പുറപ്പെടുവിച്ചിരിക്കുന്ന നിയമാവലി, നിയന്ത്രണങ്ങൾ, നിർദ്ദേശങ്ങൾ ഉപനിയമങ്ങൾ വെളിപ്പെടുത്തലുകൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ മനസിലാക്കുക

ഇടപാടുകൾ സെബി രജിസ്റ്റർ ചെയ്ത ട്രേഡിംഗ് അംഗങ്ങളുമായോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളുമായോ മാത്രം ചെയ്യുക.

ട്രേഡിംഗ് അംഗം ചുമതലപ്പെടുത്തുന്ന വ്യക്തിയുമായി ഇടപാടുകൾ നടത്തുമ്പോൾ കോൺട്രാക്റ്റ് നോട്ട് ഒപ്പുവയ്ക്കുന്നത് ട്രേഡിംഗ് മെംബറോ അയാൾ നിർദ്ദേശിക്കുന്ന വ്യക്തിയോ ആണെന്ന് ഉറപ്പ് വരുത്തുക.

ട്രേഡിംഗ് അംഗത്തിനു മാത്രം കമ്മീഷൻ, ചെക്കുകൾ, മാർജിൻ എന്നിവ കൈമാറുക.

ഓരോ ഇടപാടിലും ട്രേഡിംഗ് അംഗത്തിൽ നിന്നും ഒപ്പിട്ട കോൺട്രാക്റ്റ് നോട്ട് ആവശ്യപ്പെടുക.

മാർജിൻ തുകയ്ക്ക് ഈടായി നല്കിയിരിക്കുന്ന ഓരോ സെക്യൂരിറ്റിക്കും രസീതുകൾ ട്രേഡിംഗ് അംഗത്തിൽനിന്നും കൈപ്പറ്റുക.

ഇടപാടുകാരനും - ട്രേഡിംഗ് അംഗവുമായുള്ള കരാറിന്റെ വിശദാംശങ്ങൾ സശ്രദ്ധം വായിക്കുക.

ഈ കരാർപ്രകാരം നിങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയുക

മാർജിൻ അല്ലെങ്കിൽ വിപണിയിലുള്ള നിങ്ങളുടെ പൊസിഷനിലുള്ള തുകയ്ക്കുള്ള നഷ്ടസാധ്യതയെക്കുറിച്ച് ബോധവാനാകുക.

ട്രേഡിംഗ് മെംബറിൽ നിന്നും ദിനംപ്രതിയെന്നോണം അവധി മാർക്കറ്റിലെ മാർജിൻ തുകയും നിങ്ങളുടെ ഓഫറുകൾ സംബന്ധിച്ചുള്ള രേഖകളോ പണമോ കൈപ്പറ്റുക.

**ചെയ്യാൻ പാടില്ലാത്തവ**

x നഷ്ടസാധ്യത സംബന്ധിച്ചു വെളിപ്പെടുത്തലുകൾ വായിച്ച് ബോധ്യമായതിനു ശേഷം മാത്രമേ അവധി മാർക്കറ്റിൽ ഇടപാടുകൾ നടത്താവൂ.

x നഷ്ടസാധ്യതയും നേട്ടവും മനസിലാക്കിയതിനു ശേഷം മാത്രം ഡെറിവേറ്റിവ് ഉത്പന്നങ്ങളിൽ ഇടപാടുകൾ നടത്താവൂ.

# വാങ്ങുന്നതിനുള്ള നടപടിക്രമം

**എവിടെനിന്ന് വാങ്ങാം.**

**ബ്രോക്കർമാർ** : ബ്രോക്കർമാർ ഓട്ടനവധി സേവനങ്ങൾ ഉറപ്പ് നൽകുന്നു.
കടപ്പത്രങ്ങളും ഓഹരികളും അവധിവ്യാപാരത്തിലുള്ള ഉത്പന്നങ്ങൾ മ്യൂച്ചൽഫണ്ട് യൂണിറ്റുകൾ ഐ.പി.ഒകൾ എന്നിവ വിൽക്കുന്നതിനും വാങ്ങുന്നതിനും ബ്രോക്കറുമാരുടെ സേവനം പ്രയോജനപ്പെടുത്താം.

**ബാങ്കുകൾ**: പല ബാങ്കുകളിലും ഓഹരികൾ, കടപ്പത്രങ്ങൾ, അവധിവ്യാപാരത്തിലുള്ള ഉത്പന്നങ്ങൾ, മ്യുച്ചൽഫണ്ടുകൾ, ഐ.പി.ഒകൾ എന്നിവ വാങ്ങുന്നതിനും വിൽക്കുന്നതിനുള്ള സേവനങ്ങൾ നല്കുന്നുണ്ട്. കൂടാതെ അവരുടെ വെബ്സൈറ്റുകളിലും ഈ സേവനം ലഭ്യമാണ്.

**മ്യൂച്ചൽ ഫണ്ടുകൾ** : എല്ലാ മ്യൂച്ചൽ ഫണ്ട്യൂണിറ്റുകളും ഓൺലൈനായി സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്നതിനും വിൽക്കുന്നതിനമുള്ള സൗകര്യമുണ്ട് അതോടൊപ്പം മ്യൂച്ചൽഫണ്ട് സ്ഥാപനങ്ങൾ നേരിട്ടും നിങ്ങൾക്ക് യൂണിറ്റുകൾ വാങ്ങാവുന്നതാണ്.

**സ്റ്റോക്ക് എക്സ്ചേഞ്ചുകൾ**: ക്ലോസ് എൻഡഡ് മ്യൂച്ചൽഫണ്ടുകൾ (യൂണിറ്റുകളുടെ ആദ്യ വിൽപ്പനയിൽ മാത്രം വാങ്ങാവുന്നവ) ബ്രോക്കർ മുഖേനഓഹരിവിപണിയിൽ നിന്നും വാങ്ങാവുന്നതാണ് ഓപ്പണ് എൻഡഡ് മ്യുച്ചൽഫണ്ടുകൾ എപ്പോൾ വേണമെങ്കിലും വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്നവ ബ്രോക്കർ മുഖേനവിൽക്കുന്നതിനും വാങ്ങുന്നതിനും കഴിയും.

## മൂലധനവിപണിയിലെ നടപടിക്രമം

- ആദ്യപടി പാൻകാർഡ് സ്വന്തമാക്കുക. ഇത് ഏത് നിക്ഷേപകനും വിപണിയിൽ നിക്ഷേപിക്കുന്നതിനും അത്യന്താപേക്ഷികമാണ്.
- സ്വന്തം പേരിൽ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ടിരിക്കും. ഇതു മൂലം ഓഹരിനിക്ഷേപത്തിന് ആവശ്യമായി വിൽക്കുമ്പോൾ പണം സ്വീകരിക്കുന്നതിനും വാങ്ങുമ്പോൾ പണം നൽകുന്നതിനും കഴിയും.
- അടുത്തപടി ബ്രോക്കറെ തെരഞ്ഞെടുക്കുക. കൂടാതെ കെ.വൈ.സി. ഫോറം പൂരിപ്പിച്ചു നൽകുകയും ബ്രോക്കർ- ഇടപാടുകൾ കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്യുക.
- തുടർന്ന് ബ്രോക്കർ ഇടപാടുകാരെ തിരിച്ചറിയുന്നതിനായി Client I.D നല്കും.
- വിപണിയിൽ ഓഹരികൾ വിൽക്കുന്നതിനോ വാങ്ങുന്നതിനോ നിങ്ങൾ ഇപ്പോൾ യോഗ്യത നേടിക്കഴിഞ്ഞു.

## ആരൊക്കെ ഏതൊക്കെ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നു

ധനകാര്യവിപണിയിലെ കമ്പനികളെയും ഇടനിലക്കാരെയും സേവനദാതാക്കളുടെയും പട്ടിക ചുവടെ ആദ്യകോളത്തിൽ ചേർക്കുന്നു. അവരെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക രണ്ടാം കോളത്തിൽ.

| വ്യത്യസ്ഥ സ്ഥാപനങ്ങൾ | | നിയന്ത്രിക്കുന്നവർ |
|---|---|---|
| ഓഡിറ്റർമാർ | - | ഐ.സി.എ.ഐ/ സി.എ.ജി |
| ബാങ്കുകൾ | - | ആർ.ബി.ഐ |
| ബാങ്കുകൾ-ഇഷുശേഖരണം | - | സെബി |
| ചിട്ടിഫണ്ടുകൾ | - | രജിസ്ട്രാർ ഓഫ് ചിറ്റ്ഫണ്ട്സ് |
| പൊതുനിക്ഷേപ പദ്ധതികൾ | - | സെബി |
| കമ്പനികൾ എല്ലാം | - | എം.സി.എ /ആർ.ഒ. സി |
| ഡിസ്റ്റസ് കമ്പനികൾ | - | എം. സി.എ /ആർ. ഒ. സി<br>സെബി / സ്റ്റോക്ക് എക്സ്ചേഞ്ച് |
| കമ്പനി സെക്രട്ടറിമാർ | - | ഐ.സി.എസ്.ഐ |
| സഹകരണബാങ്കുകൾ | - | ആർ.ബി.ഐ |
| കോസ്റ്റ് അക്കൗണ്ടന്റ്മാർ | - | ഐ.സി.ഡബ്ളിയു എ.ഐ |
| ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ | - | സെബി |
| കസ്റ്റോഡിയൽ സേവനങ്ങൾ | - | സെബി |
| ഡിബഞ്ചർ ട്രസ്റ്റുകൾ | - | സെബി |
| ഡിപ്പോസിറ്ററികൾ | - | സെബി |
| ഡിപ്പോസിറ്ററി പങ്കാളികൾ | - | സെബി /എൻ. എസ്.ഡി.എൽ<br>സി.ഡി. എസ്. എൽ. |
| വിദേശ നിക്ഷേപ സ്ഥാപനങ്ങൾ | - | സെബി |
| ഗൃഹ വായ്പാ കമ്പനികൾ | - | എൻ.എച്ച്.ബി |
| ഇൻഷ്യുറൻസ് ബ്രോക്കർ<br>ഏജന്റുമാർ | - | ഐ.ആർ.ഡി.എ |
| ഇൻഷ്യുറൻസ് കമ്പനികൾ | - | ഐ.ആർ.ഡി.എ |
| മർച്ചന്റ് ബാങ്കുകൾ | - | സെബി |
| ഇൻവെസ്ററർ അസോസിയേഷൻ | - | സെബി |
| മാധ്യമങ്ങൾ (ടി.വി ദിനപത്രം<br>മാസിക) | - | എം. ഐ.ബി. |
| മ്യൂച്ചൽഫണ്ടുകളും/<br>ബാധ്യതമാനേജ്മെന്റ് കമ്പനികളും | - | സെബി |
| മ്യൂച്ചൽഫണ്ട് ബ്രോക്കർ/ഏജന്റുമാർ | - | ആംഫി / സെബി |
| ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപ<br>നങ്ങൾ (എൻ ബി എഫ് സി) | - | ആർ ബി ഐ |

| | | |
|---|---|---|
| നിധി കമ്പനികൾ | - | എം.സി.എ |
| പ്ലാന്റേഷൻ കമ്പനികൾ | - | സെബി |
| പോർട്ട്ഫോളിയോ മാനേജർമാർ | - | സെബി |
| രജിസ്ട്രാർമാരും ഓഹരി ട്രാൻസ്ഫർ ഏജന്റുമാർ | - | സെബി |
| ഓഹരി ബ്രോക്കർ | - | സെബി/ സ്റ്റോക്ക് എക്സ്ചേഞ്ചുകൾ |
| സ്റ്റേക്ക് എക്സ്ചേഞ്ചുകൾ | - | സെബി |
| സബ് ബ്രോക്കർമാർ | - | സെബി |
| വെഞ്ചർ കാപ്പിറ്റൽ ഫണ്ട് | - | സെബി |

## കടപ്പാട്

കോർപ്പറേറ്റ് മന്ത്രാലയ (www.mca.gov.in), നിക്ഷേപക സാക്ഷരതാ സംരക്ഷണനിധി (www.iepf.gov.in), സെബി(www.sebi.gov.in), നാഷണൽസ്റ്റോക്ക്എക്സ്ചേഞ്ച് (www.nseindia.com), ബി.എസ് ഇ (www.bseindia.com), mcx-sx (www.mcx-sx.com), പ്രൈം ഡാറ്റാ ബേസ് (www.primedatabase.com) എന്നിവയുടെ വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും ICAI, ICSI, ICWAI എന്നീ സ്ഥാപനങ്ങൾ നല്കിയ വിവരങ്ങളെ ആധാരമാക്കിയുമാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

## മുന്നറിയിപ്പ്

മൂലധനവിപണിയിലെ വിവിധ തലങ്ങളെക്കുറിച്ച് നിക്ഷേപകർക്ക് തിരിച്ചറിവ് നല്കുന്നതിനും സാക്ഷരത കൈവരിക്കുന്നതിനും വേണ്ടിയാണു ഈ പുസ്തകത്തിൽ മേൽപ്പറഞ്ഞ വിവരങ്ങൾ പ്രതിവാദിച്ചിരിക്കുന്നത്. ഈ പുസ്തകം തയ്യാറാക്കുമ്പോഴും തർജമചെയ്യുമ്പോഴും വേണ്ടത്ര സൂക്ഷ്മതയും ജാഗ്രതയും പുലർത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര കോർപറേറ്റ് മന്ത്രാലയമോ പത്രാധിപരോ ഈ പുസ്തകം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളോ ഇതിൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികൾ ഏർപ്പെടുന്ന ഇടപാടുകളിലോ തീരുമാനങ്ങളിലോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദികളല്ല. മൂലധനവിപണിയിലെ നിയമങ്ങളും നിയന്ത്രണങ്ങളും തുടർച്ചയായുള്ള മാറ്റത്തിനും പരിഷ്കരണത്തിനും വിധേയമാണെന്നുള്ള വസ്തുത ശ്രദ്ധിക്കുക. അതിനാൽ നിക്ഷേപകർ ഏപ്പോഴും ഏറ്റവും പുതിയ നിയമങ്ങൾ നടപടിചട്ടങ്ങൾ നിയന്ത്രണങ്ങൾ എന്നിവയെക്കുറിച്ച് ബന്ധപ്പെട്ട നിയന്ത്രണ സ്ഥാപനങ്ങളും വെബ്സൈറ്റുകളും സന്ദർശിച്ച് ആവശ്യമായ വിവര ശേഖരണം നടത്തുകയും സ്വന്തം അറിവ് വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.